## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1109** 04.02.2019 - ൽ മറുപടിക്ക്

**<u>കോന്നി ബൈപാസ് നിർമ്മാണം</u>**

| **<u>ചോദ്യം</u>**<br>**ശ്രീ.അടൂർ പ്രകാശ് :** | | **<u>മറുപടി</u>**<br>**ശ്രീ. ജി. സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** | |
|---|---|---|---|
| (എ) | കോന്നി ബൈപാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് തണ്ണീർത്തടം നികത്തുന്നതിന് അനുമതി ആവശ്യപ്പെട്ട് പ്രാദേശിക നിരീക്ഷണ സമിതിയ്ക്ക് അപേക്ഷ നൽകിയതെന്നാണ്; ആയതിൻമേൽ നടപടി പൂർത്തീകരിച്ച് ലഭ്യമായിട്ടുണ്ടോ എന്ന് അറിയിക്കുമോ; | (എ) | കോന്നി ബൈപാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് തണ്ണീർത്തടം നികത്തുന്നതിന് അനുമതി ആവശ്യപ്പെട്ട് പ്രാദേശിക സമിതിയ്ക്ക് 31.05.2018- ൽ അപേക്ഷ നൽകിയിട്ടുണ്ട്. കോന്നി കൃഷി ഓഫീസിൽ നിന്നുള്ള റിപ്പോർട്ട് ലഭ്യമായാൽ മാത്രമേ തുടർ നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. |
| (ബി) | ഇക്കാര്യത്തിൽ പൊതുമരാമത്ത് വകുപ്പ് എന്തെങ്കിലും തുടർ നടപടി കൈക്കൊണ്ടിട്ടുണ്ടോ; വിശദീകരിക്കുമോ; | (ബി) & (സി) | കോന്നി കൃഷി ഓഫീസിൽ നിന്നും അടിയന്തിരമായി റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി പത്തനംതിട്ട നിരത്തുവിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും കോന്നി അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) | പ്രസ്തുത അപേക്ഷ നടപടികൾ പൂർത്തീകരിച്ച് പ്രാദേശിക നിരീക്ഷണ സമിതിയിൽ നിന്നും തിരികെ ലഭ്യമാക്കുന്നതിനും തുടർനടപടികൾ പൂർത്തീകരിക്കുവാനും അടിയന്തര നിർദ്ദേശം നൽകുമോ? | | |

സെക്ഷൻ ഓഫീസർ